(ബി) ഉണ്ടെങ്കിൽ ആ കമ്മീഷൻ ഗവൺമെൻറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഈ സംസ്ഥാനത്ത് പ്രത്യേകമായി ഒരു കമ്മീഷനെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം

*440 [484] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം നികത്താൻ (പി. യു. സി) പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ;

(ബി) പി. യു. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതു മേഖലാ സ്ഥാപനത്തിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം നികത്തുന്നത് സംബന്ധിച്ച് പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പല നിർദ്ദേശങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. മറ്റു പല നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) പി. യു. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പല പൊതു മേഖലാ സ്ഥാപനങ്ങളിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഫ്രാൻറേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സോപ്സ് ആൻറ് ഓയിൽ ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

## നാടാർ മഹാജനസംഘത്തിന്റെ നിവേദനം

*441 [465] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നാടാർ മഹാ ജനസംഘത്തിന്റെ വക്കയായി ഗവൺമെൻറിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിൽ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly